"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളായി ജോലി ചെയ്തുവരുന്ന ശ്രീ.അനിൽ.പി. മുതൽ പേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.16930/2019 മേലുള്ള ബഹു.കോടതിയുടെ 29/01/2020 തീയതിയിലെ ഇടക്കാല വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1876/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/10/2020

---

പരാമർശം:- 1) 03/11/2006 തീയതിയിലെ സ.ഉ(സാധാ) നം.2748/2006/തസ്വഭവ.

2) 05/08/2016 തീയതിയിലെ സ.ഉ.(എം.എസ്) നം.109/2016/തസ്വഭവ.

3) 21/07/2016 തീയതിയിലെ സ.ഉ.(എം.എസ്) നം.85/2016/തസ്വഭവ.

4) തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 15/01/2019 തീയതിയിലെ പ്രമേയം.

5) തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ 30/07/2019 തീയതിയിലെ എച്ച്2-12371/19 നമ്പർ റിപ്പോർട്ട്.തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ 30/07/2019 തീയതിയിലെ എച്ച്2-12371/19 നമ്പർ റിപ്പോർട്ട്.

6) ശ്രീ.അനിൽ.പി. മുതൽ പേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.16930/2019 മേലുള്ള ബഹു.കോടതിയുടെ 29/01/2020 തീയതിയിലെ ഇടക്കാല വിധിന്യായം.

7) നഗരകാര്യ ഡയറക്ടറുടെ24/07/2019, 12/02/2020 തീയതികളിലെ ഇ2-9733/2019 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കണ്ടിജന്റ് വിഭാഗത്തിൽ ശുചീകരണതൊഴിലാളികളായി റഗുലറൈസ് ചെയ്യുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ, തൃക്കാക്കര നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളായി ജോലി ചെയ്തുവരുന്ന ശ്രീ.അനിൽ.പി. മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.16930/2019 മേലുള്ള പരാമർശം (6) പ്രകാരമുള്ള ഇടക്കാല വിധിന്യായത്തിൽ, തൃക്കാക്കര നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ 23 പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തോടെ. 05/07/2019 തീയതിയിലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൃക്കാക്കര നഗരസഭയുടെ 24/07/2019 തീയതിയിലെ പ്രൊപ്പോസൽ ലഭ്യമായി ആറ് ആഴ്ചയ്ക്കകം ഉത്തരവുണ്ടാകണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.കോടതി നിർദ്ദേശിച്ചു.

2) 09/06/2010 തീയതിയിലെ സ.ഉ.(പി) നം.116/2010/തസ്വഭവ നമ്പർ

പ്രകാരമാണ് 01/10/2010 ൽ തൃക്കാക്കര പഞ്ചായത്ത് നഗരസഭയായി രൂപീകരിക്കപ്പെട്ടതെന്നും, വാർഷിക വരുമാനം 4 കോടി രൂപയും ജനസംഖ്യ 50,000 ൽ അധികം വന്നതിനാലും 22/07/2014 തീയതിയിലെ സ.ഉ.(പി) നം.155/2014/തസ്വഭവ പ്രകാരം തൃക്കാക്കര നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയിട്ടുള്ളതാണെന്നും, 01/10/2010 ൽ തൃക്കാക്കര പഞ്ചായത്ത് നഗരസഭയായി ഉയർത്തപ്പെട്ടതിനാൽ 28.1 ച.കി.മീ വിസ്തൃതിയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള 43 വാർഡുകളായി നഗരസഭയെ തരം തിരിച്ചിട്ടുള്ളതാണെന്നും, ദിനംപ്രതി വന്നുപോകുന്നവർ ഉൾപ്പെടെ ഏകദേശം ഒന്നരലക്ഷത്തോളം ജനസംഖ്യയുള്ള നഗരസഭയാണെന്നും, ഗാർഹികം, വാണിജ്യം മറ്റിതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾ ഉൾപ്പെടെ 60,000 ൽ അധികം കെട്ടിടങ്ങൾ നഗരസഭയിലുണ്ടെന്നും, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി തുടങ്ങി കേരളത്തിന്റെ മുഖമുദ്രകളായ പദ്ധതികളുടെ ആസ്ഥാനവും എറണാകുളം ജില്ലാ ആസ്ഥാനവും തൃക്കാക്കര നഗരസഭാ പ്രദേശത്താണെന്നും, ദ്രുതഗതിയിൽ വളരുന്ന നഗരത്തിന്റെ ആവശ്യമനുസരിച്ച് പ്രവർത്തിക്കുന്നതിന് നഗരസഭയിൽ ആകെ 28 ജീവനക്കാരെയും ശുചീകരണ പ്രവർത്തനങ്ങൾക്ക് 5 സ്ഥിരം ശുചീകരണ തൊഴിലാളികളെയുമാണ് അനുവദിച്ചു തന്നിട്ടുള്ളതെന്നും, 05/08/2016 തീയതിയിലെ സ.ഉ. (കൈ)നം.109/2016/തസ്വഭവ പ്രകാരം 15 കണ്ടിജന്റ് വർക്കറും 8 സാനിട്ടേഷൻ വർക്കറും ഉൾപ്പെടെ 23 കണ്ടിജന്റ് തസ്തികകൾ അനുവദിച്ചിട്ടുള്ളപ്പോൾ 2010 ൽ രൂപീകൃതമായ തൃക്കാക്കര നഗരസഭയിൽ 5 സ്ഥിരം ശുചീകരണ തൊഴിലാളികൾ മാത്രമാണുള്ളതെന്നും ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്ത് തീർക്കുന്നതിനും 43 വാർഡുകളിലേയും മാലിന്യ നീക്കം പൂർണ്ണമായി നടത്തുന്നതിനും വാർഡ് ഒന്നിന് 2 പേർ വീതം 86 സ്ഥിരം കണ്ടിജന്റ് തൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാകാത്ത സാഹചര്യത്തിൽ 86 സ്ഥിരം കണ്ടിജന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമുണ്ടാകണമെന്നുമുള്ള തൃക്കാക്കര നഗരസഭയുടെ പ്രൊപ്പോസൽ പരാമർശം (4) പ്രകാരമുള്ള കൗൺസിൽ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

3) 2010 ൽ രൂപീകൃതമായ തൃക്കാക്കര നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് 5 സ്ഥിരം ശുചീകരണ തൊഴിലാളികളെയാണ് അനുവദിച്ചിട്ടുള്ളതെന്നും, 2015 ൽ രൂപീകൃതമായ 27 പുതിയ നഗരസഭകളിൽ 156 കണ്ടിജന്റ് വർക്കറും 8 സാനിട്ടേഷൻ വർക്കറും ഉൾപ്പെടെ 23 കണ്ടിജന്റ് തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും, തൃക്കാക്കര നഗരസഭയ്ക്ക് മതിയായ തനത് വരുമാനം ഉള്ളതിനാൽ അധിക കണ്ടിജന്റ് തൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിക്കുന്നത് മൂലമുള്ള ചെലവ് സർക്കാരിന് ബാദ്ധ്യതയുണ്ടാക്കുന്നതല്ലായെന്നും, ആയതിനാൽ 86 സ്ഥിരം കണ്ടിജന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരമുള്ള തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (7) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും നഗരസഭകളിൽ നഗരസഭയുടെ വിസ്തീർണ്ണം, സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ്, ജനസംഖ്യ, നഗരസഭയുടെ സാമ്പത്തികശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ തൊഴിലാളികളുടെ എണ്ണം കുറവാണെന്ന് കണ്ടാൽ അത്യാവശ്യം ജീവനക്കാരെ നിയമിക്കുന്നതിന് അംഗീകാരം നൽകുവാനുള്ള അധികാരം നഗരകാര്യ ഡയറക്ടർക്കു നൽകി പരാമർശം (1)

പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചികരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരുകയാണെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും കുടുംബശ്രീയുടെ സേവനവും പര്യാപ്തമാവാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത കണ്ടിൻജന്റ് ജീവനക്കാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ തൃക്കാക്കര നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ പുതിയതായി 23 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്ന പരാമർശം (7) ലെ പ്രൊപ്പോസൽ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിക്കുന്നു.

നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ തൊഴിലാളികളുടെ എണ്ണം കുറവാണെന്നു കാണുന്ന പക്ഷം പരാമർശം (1) ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശവും നൽകുന്നു.

6) പരാമർശം (4) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തൃക്കാക്കര നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ